# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5023 24/07/2015 -ൽ മറുപടിയ്ക്ക്

## ലംപ്സംഗ്രാന്റ് വിതരണത്തിലെ കാലതാമസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | | **ശ്രീ.എ.പി. അനിൽകുമാർ,** (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് വിതരണം ചെയ്യുന്നതിൽ വലിയ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) & ബി) | സംസ്ഥാനത്ത് പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് ഓൺലൈൻ വഴി യഥാസമയം തന്നെ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിൽ നൽകി വരുന്നുണ്ട്. എന്നാൽ ചില സ്ഥാപനങ്ങൾ വിദ്യാർത്ഥികളുടെ ക്ലെയിം സ്റ്റേറ്റ്മെന്റുകൾ യഥാസമയം ഓൺലൈൻ ആയി അയക്കാത്തത് കൊണ്ട് ചില വിദ്യാർത്ഥികൾക്ക് യഥാസമയം ലംപ്സം ഗ്രാന്റ് ലഭിക്കാതെ വന്നു. ഇത് പരിഹരിക്കുന്നതിനായി അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ തന്നെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും, ഇതുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഒരു എകദിന പരിശീലനം ജില്ലാ അടിസ്ഥാനത്തിൽ നൽകി വരുന്നുണ്ട്. |
| ബി) | പ്ലസ് വൺ, പ്ലസ് ടു ബിരുദമടക്കമുള്ള കോഴ്സുകളിലെ പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് 2014-15 വർഷത്തെ ലംപ്സംഗ്രാന്റ് ഇനിയും വിതരണം ചെയ്യാത്തതു മൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഗ്രാന്റ് ഉടൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | | |
| സി) | അതാത് അദ്ധ്യയന വർഷങ്ങളിൽ തന്നെ ലംപ്സംഗ്രാന്റ് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | സി | പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് അതാത് വർഷം തന്നെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.